# പതിമൂന്നാം കേരള നിയമസഭ
## ഒൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 4461 — 27.06.2013-ൽ മറുപടിയ്ക്ക്

## കോഴിക്കോട് മോണോ റെയിൽ പദ്ധതി

| ചോദ്യം | മറുപടി |
| --- | --- |
| **ശ്രീ. എളമരം കരീം** | **ശ്രീ.വി.കെ. ഇബ്രാഹിം കുഞ്ഞ്**<br>(പൊതുമരാമത്ത് വകുപ്പുമന്ത്രി) |
| (എ) കോഴിക്കോട് മോണോ റെയിൽ പദ്ധതിയുടെ ഡി.പി.ആർ തയ്യാറാക്കിയത് ഏത് ഏജൻസിയാണ് ; | (എ) ഡൽഹി മെട്രോ റെയിൽ കോർപ്പറേഷൻ ലിമിറ്റഡ് (DMRC) ആണ് കോഴിക്കോട് മോണോ റെയിൽ പദ്ധതിയുടെ ഡി.പി.ആർ തയ്യാറാക്കിയത്. |
| (ബി) ഈ പദ്ധതിയുടെ അടങ്കൽ തുക എത്രയാണ് ; | (ബി) പദ്ധതിയുടെ ഒന്നാം ഘട്ടത്തിന്റെ അടങ്കൽ തുക 1760 കോടി രൂപയാണ്. |
| (സി) ഈ പദ്ധതിക്കുള്ള പണം, ഏത് വിധത്തിലാണ് സ്വരൂപിക്കുന്നത് ; | (സി) പദ്ധതി ചെലവിന്റെ 20% കേന്ദ്ര സർക്കാരിന്റെ ജെ.എൻ.എൻ.യു.ആർ.എം പദ്ധതിയിൽ ഉൾപ്പെടുത്തി ധനസഹായം ലഭ്യമാക്കുന്നതിനായി ശുപാർശ സമർപ്പിച്ചിട്ടുണ്ട്. 20% സംസ്ഥാന സർക്കാരാണ് വഹിക്കുന്നത്. ബാക്കി 60%, പദ്ധതിയുടെ നിർമ്മാണ കമ്പനികൾ വഴിയും മറ്റ് ധനകാര്യ സ്ഥാപനങ്ങൾ വഴിയും സമാഹരിക്കുവാനാണ് ലക്ഷ്യമിടുന്നത്. |
| (ഡി) ഈ പദ്ധതിക്ക് പണം വായ്പയെടുക്കുന്നുണ്ടോ ; ഉണ്ടെങ്കിൽ എത്ര തുക ;<br>(ഇ) വായ്പ തിരിച്ചടക്കാൻ പ്രോജക്ട് വിഭാവനം ചെയ്യുന്ന മാർഗം എന്താണ് ; | **(ഡി) & (ഇ):**<br>പദ്ധതിക്കുവേണ്ടി വായ്പ എടുക്കുന്നത് സംബന്ധിച്ചും തിരിച്ചടവ് സംബന്ധിച്ചും അന്തിമ തീരുമാനം എടുത്തിട്ടില്ല. |
| (എഫ്) ഈ പ്രോജക്ടിനായി, യാത്രക്കാരിൽ നിന്നല്ലാതെ, നഗരവാസികളിൽ നിന്നും തുക പിരിച്ചെടുക്കാൻ നിർദ്ദേശമുണ്ടോ : ഉണ്ടെങ്കിൽ ഒരു വർഷം എത്ര തുക പിരിച്ചെടുക്കേണ്ടി വരും ? | (എഫ്) ഇത് സംബന്ധിച്ച അന്തിമ തീരുമാനം എടുത്തിട്ടില്ല. |

സെക്ഷൻ ഓഫീസർ